# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1184 13.06.2013 ൽ മറുപടിക്ക്

## സപ്ലൈകോയുടെ സ്കൂൾ ഫെയർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ആർ. രാജേഷ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) ഈ വർഷം സംസ്ഥാനത്ത് സപ്ലൈകോയുടെ സ്കൂൾ ഫെയർ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;<br>(ബി) സ്കൂൾ തുറക്കുന്ന സമയത്ത് സപ്ലൈകോയുടെ വിപണി ഇടപെടൽ ഉണ്ടാകാത്തത് പഠനോപകരണങ്ങളുടെ വിലവർദ്ധനവ് രൂക്ഷമാക്കും എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും സപ്ലൈകോ സ്ക്കൂൾ ഫെയർ മെയ് മാസം രണ്ടാം പകുതിക്ക് ശേഷം ആരംഭിച്ചിട്ടുണ്ട്. സ്ക്കൂൾ തുറക്കുന്ന സമയത്ത് സപ്ലൈകോയുടെ വിപണി ഇടപെടൽ ഉണ്ടായില്ല എന്നത് വസ്തുതാവിരുദ്ധമാണ്. എല്ലാ വർഷത്തേയും പോലെ നോട്ട് ബുക്ക്, പേന, പെൻസിൽ, ഇൻസ്ട്രമെന്റ് ബോക്സ്, കുട തുടങ്ങിയ പഠനോപകരണങ്ങൾ സപ്ലൈകോയുടെ 1300 - റോളം വരുന്ന ലാഭം മാർക്കറ്റ്, സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പ്രീമിയം മാർക്കറ്റ് എന്നിവ മുഖേന വിതരണം നടത്തി വരുന്നു. |
| (സി) സ്വകാര്യലോബിയുടെ ഇടപെടൽ മൂലമുള്ള അധികൃതരുടെ അനാസ്ഥയാണ് പ്രസ്തുത അവസ്ഥയ്ക്ക് കാരണം എന്നറിയാമോ; | (സി) മേൽ വിവരിച്ച കാര്യങ്ങളിൽ സ്വകാര്യ ലോബിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. സ്ക്കൂൾ ഫെയർ കാര്യക്ഷമമായി നടന്നു വരുന്നു. |
| (ഡി) വിലവർദ്ധനവ് ക്രമാതീതമായിരിക്കുന്ന സാഹചര്യത്തിൽ കമ്പോളത്തിൽ വേണ്ട വിധം ഇടപെടാതിരിക്കുന്ന സപ്ലൈകോയുടെ അനാസ്ഥ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) മുൻവർഷത്തെപ്പോലെ ഈ വർഷവും വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും താൽപ്പര്യത്തിനനുസൃതമായി കമ്പോള വില ക്രമീകരിക്കുന്നതിന്റെ ഭാഗമായി മെയ് മാസം രണ്ടാം പകുതിക്കു ശേഷം സ്ക്കൂൾ ഫെയറുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. |

Beenan

സെക്ഷൻ ഓഫീസർ

6